തിരുമുല്പാട് ഫൗണ്ടേഷൻ

# വൈദ്യസംവാദം

ഡിസംബർ 2021 - മാർച്ച് 2022
(സംയുക്തലക്കം)



വൈദ്യഭൂഷണം
കെ. രാഘവൻ തിരുമുല്പാട് ഫൗണ്ടേഷൻ
ഫോർ ആയുർവേദിക് സ്റ്റഡീസ്

# ആചാര്യന്മാരുടെ വസ്തുനിഷ്ഠതാബോധം

ആര്യവൈദ്യൻ
എൻ.വി. കൃഷ്ണൻകുട്ടിവാരിയർ

ശാസ്ത്രമെന്ന പദം ഇപ്പോൾ വ്യവഹരിക്കപ്പെട്ടുവരുന്നത്, "വസ്തുനിഷ്ഠമായ നിരീക്ഷണങ്ങളെ അടിസ്ഥാനപ്പെടുത്തിയ വിജ്ഞാനം" എന്ന ധാരണയെ ഉളവാക്കാനാണല്ലോ. ഈ അടിസ്ഥാനത്തിൽ ആയുർവ്വേദത്തിന്റെ ശാസ്ത്രീയതയെ വിലയിരുത്തുമ്പോൾ ആചാര്യന്മാർ വസ്തുനിഷ്ഠതാബോധത്തോടു എത്രമാത്രം നീതിപുലർത്തിയിട്ടുണ്ടെന്ന് ഒന്ന് ചിന്തിച്ചുനോക്കുന്നതാവശ്യമാണ്.

ആചാര്യന്മാർ എന്നു പറയുമ്പോൾ ഇവിടെ കാര്യമായുദ്ദേശിക്കുന്നത് ചരകം സുശ്രുതം തുടങ്ങിയ സംഹിതകളുടെ ആദിവക്താക്കളെയാണ്. അഷ്ടാംഗഹൃദയം സംഗ്രഹം എന്നീ തന്ത്രങ്ങൾ ഈ മൂലസംഹിതകളിലെ പ്രതിപാദ്യത്തെത്തന്നെ നാതിസംക്ഷേപവിസ്താരമായി സംസ്കരിക്കുക മാത്രമാണല്ലോ ചെയ്തിട്ടുള്ളത്. നിദാനം, ചികിത്സ, ഔഷധനിർമ്മാണം, രസാദിധാതുക്കളെക്കുറിച്ചുള്ള പഠനങ്ങൾ എന്നിവയിലെല്ലാം ഒട്ടനേകം ഗ്രന്ഥങ്ങൾ പിൽക്കാലത്തുണ്ടായിട്ടുണ്ടെങ്കിലും, ആയുർവ്വേദത്തിന്റെ സന്ദേശം, അഥവാ മൗലികമായ സമീപനം നമുക്ക് ലഭിക്കുന്നത് ആദ്യകാലസംഹിതകളിൽനിന്നാണ്. ആയുർവ്വേദം എന്ന പദം ആദ്യമായുപയോഗിക്കുവാൻ തുടങ്ങിയതും സംഹിതകളിൽത്തന്നെയാണ്. വേദങ്ങളിൽനിന്നാണ് ആയുർവ്വേദത്തിന്റെ ഉത്ഭവമെന്നും വിശേഷിച്ചും അഥർവ്വവേദത്തോടാണ് അതിന്ന് അധികം ഭക്തി എന്നുമുള്ള അവകാശവാദം സംഹിതകളിലുണ്ട്. എന്നാൽ വേദങ്ങളിലെ ഭൈഷജ്യവിദ്യ "ഭൈഷജ്യ"ങ്ങളെന്നും "ആയുഷ്യ"ങ്ങളെന്നുമുള്ള ഋക്കുകളെക്കൊണ്ടാണ് നിർവ്വഹിക്കപ്പെടുന്നത്. ദേവന്മാരോടും ചിലപ്പോൾ രോഗത്തോടുതന്നെയുമുള്ള അഭ്യർത്ഥനാരൂപത്തിലുള്ള ഈ ചികിത്സയ്ക്ക് ദൈവചികിത്സയെന്നും, അഥർവ്വവേദത്തിലെ രക്ഷാബന്ധനങ്ങൾ, വശ്യപ്രയോഗം, കൃത്യാപ്രേഷണം തുടങ്ങിയവയേക്കൊണ്ടുള്ള ചികിത്സയ്ക്ക് ആസുരചികിത്സയെന്നു

മാണ് പേര്. എന്നാൽ ശരീരധർമ്മങ്ങൾ മനസ്സിലാക്കി വമനവിരേചനാദികർമ്മങ്ങൾകൊണ്ടും ഹരീതക്യാദ്യൗഷധങ്ങൾകൊണ്ടും ഉള്ള മാനുഷചികിത്സ വേദങ്ങളിലില്ല. കുറെ രോഗനാമങ്ങൾ, ഔഷധനാമങ്ങൾ, ശരീരശാസ്ത്രവിജ്ഞാനം എന്നിവയൊക്കെ വേദങ്ങളിൽനിന്ന് സംഹിതകളിലേക്ക് കൈവന്നിട്ടുണ്ട്. എന്നാൽ വേദങ്ങളിൽ കാണപ്പെടുന്ന പല രോഗങ്ങളുടേയും ഔഷധങ്ങളുടേയും പേരുകൾ സംഹിതകളിൽ കാണപ്പെടുന്നുമില്ല.

### അന്യസ്വാധീനങ്ങൾ

വേദത്രയത്തെ അപേക്ഷിച്ച് പിൽക്കാലത്തേതെന്നറിയപ്പെടുന്ന അഥർവ്വവേദം ഉണ്ടായിക്കഴിഞ്ഞു പിന്നെയും ആയിരമോ അതിലധികമോ വർഷങ്ങൾക്കു ശേഷമാണ് സംഹിതകളുടെ കാലമെന്നു, ഡോ. പി.സി.റേ പറയുന്നു. ഉപനിഷത്തുകൾ, ദർശനങ്ങൾ എന്നിവയുടെ വികാസത്തിനുശേഷം ഏതാണ്ട് ഇതിഹാസകാലത്തുതന്നെയായിരിക്കാം ഇവയുടെ രചന. ചരകത്തിലെ ഭാഷ, വേദത്തിലെ ദേവന്മാരാണ് അതിൽ കാര്യമായും വരുന്നതെന്ന വസ്തുത, ബ്രാഹ്മണങ്ങളിലെ രചനാരീതിയോടുള്ള സാദൃശ്യം എന്നിവയൊക്കെയും ശ്രദ്ധേയങ്ങളാണ്. എന്നാൽ ഇന്നു കിട്ടിവരുന്ന ചരകസുശ്രുതാദി സംഹിതകളിൽ തികച്ചും അഗ്നിവേശസുശ്രുതന്മാരുടെ രചനമാത്രമല്ല കാണുന്നത്. ചരകത്തിൽ പ്രതിസംസ്കർത്താവായ ചരകന്റെയും പിന്നീടു പൂരണം നടത്തിയ ദൃഢബലന്റെയും സ്വന്തം ആശയങ്ങളും ധാരണകളും പ്രവേശിച്ചിട്ടുണ്ടാവാമെന്നതുപോലെത്തന്നെ അവ പകർത്തുകയും കൊണ്ടുനടക്കുകയും ചെയ്തിരുന്നവരുടെ വക പ്രക്ഷേപങ്ങൾ കൂടി സംഭവിച്ചിട്ടുണ്ടാവാം. ഇതുപോലെ സുശ്രുതത്തിലും നാഗാർജ്ജുനന്റെ കാലഘട്ടം വരെയെങ്കിലുമുള്ള പലതരം അന്യസ്വാധീനങ്ങൾ സ്ഥലം പിടിച്ചിട്ടുണ്ടാവാം.

### ലോകത്തിന്റെ സംഭാവന

പാഞ്ചഭൗതികസിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകൃതമായ ത്രിദോഷസിദ്ധാന്തം വേദങ്ങളിലില്ല. എന്നാൽ ഈ കാഴ്ചപ്പാടിന്റെ ചില തുടക്കങ്ങൾ വേദങ്ങളിൽ കാണാം. പ്രാണൻ അപാനൻ വാതപ്രകൃതം മുതലായ പദപ്രയോഗങ്ങൾ വേദങ്ങളിലുണ്ട്. ശരീരത്തിന്റെ ഘടനാധർമ്മങ്ങളെ ഗ്രഹിക്കാനും ക്രിയാമാർഗ്ഗങ്ങളെക്കൊണ്ടും ഔഷധങ്ങളെക്കൊണ്ടും കൈകാര്യം ചെയ്യാനും സഹായിക്കുന്ന, പ്രയോഗവശത്തിൽ ഊന്നിക്കൊണ്ടുള്ള ഒരു വീക്ഷണമാണല്ലോ സംഹിതക

ളിലെ ത്രിദോഷദർശനം നൽകുന്നത്. സംഹിതകളിലെ കർമ്മങ്ങളും ശസ്ത്രപ്രയോഗവും വേദങ്ങളിൽനിന്നല്ല ലഭിക്കുന്നത്; വേദബാഹ്യമായ "ലോക"ത്തിൽനിന്നാണ്. ഈ "ലോകം", വേദങ്ങളുടെ ഉടമസ്ഥന്മാരായ ആര്യന്മാരുടെ വരവിന് വളരെമുമ്പുതന്നെ സമുന്നതമായ നാഗരികത വളർത്തിയിരുന്നുവെന്നും, ശരീരരക്ഷയ്ക്ക് പ്രത്യേക ശ്രദ്ധ ചെലുത്തിക്കൊണ്ട് ജീവിതരീതിയെ സംസ്ക്കരിക്കുന്നതിൽ മനസ്സിരുത്തിയിരുന്നുവെന്നും, കന്മദം മുതലായ ഔഷധങ്ങൾ അക്കാലത്തുപയോഗിച്ചിരുന്നുവെന്നും, സിന്ധുനദീതടസംസ്ക്കാരത്തെപ്പറ്റിയുള്ള പഠനത്തിൽ നിന്നും നമുക്ക് മനസ്സിലാവുന്നുണ്ട്. മാതൃദേവതകളെ പ്രസാദിപ്പിക്കാനുള്ള ഇവരുടെ അർച്ചനകളിലും താന്ത്രികകർമ്മങ്ങളിലുമെല്ലാം ഐഹികജീവിതനിഷേധമല്ല; അതിന്റെ ഉൽക്കർഷത്തിനുവേണ്ടിയുള്ള ആവേശമാണ് മുന്നിട്ടുനിന്നിരുന്നത്. ശരീരരക്ഷയ്ക്കുള്ള ഔഷധങ്ങളും ക്രിയകളും പ്രയോഗിക്കുന്നതിലും ഇവർ തല്പരരായിരുന്നു. ഈ വിഷയങ്ങളെ അല്പം പാതിത്യബുദ്ധിയോടെയാണ് വൈദികർ കണ്ടിരുന്നതെങ്കിലും പ്രായോഗികാവശ്യങ്ങളുടെ സമ്മർദ്ദം മൂലം ഇവരിൽനിന്നും പല അറിവുകളും വേദങ്ങളിലേക്ക് സംക്രമിക്കാനിടയായിട്ടുണ്ടാവാം. ഏതായാലും ഈ "ലോക"ത്തിന്റെ സംഭാവനകളാണ് സംഹിതകൾക്കാധാരമായ വൈദ്യവിദ്യയിലെ ഭൂരിഭാഗവും.

### അഥർവ്വത്തിൽ

വേദങ്ങളിൽ സൂക്ഷ്മരൂപത്തിൽ അടങ്ങിയിട്ടുള്ള ജ്ഞാനാംശങ്ങളെ വേർതിരിച്ചുകൊണ്ടുള്ള ചർച്ച നടത്തിവന്നിരുന്നത് വേദശാഖകളായ ചരണങ്ങളിലായിരുന്നു. ഈ ചരണങ്ങളിൽ ആചാര്യശിഷ്യപ്രശിഷ്യപരമ്പരകൾ പരിഷത്തുകൾ നടത്തി, അവയിൽവെച്ചു വേദസൂത്രങ്ങളെ ബാഹ്യലോകത്തിൽനിന്നുള്ള വ്യാവഹാരികജ്ഞാനംകൊണ്ടു വിശദീകരിച്ചു വികസിപ്പിച്ചുകൊണ്ടിരുന്നുവെന്നും അങ്ങിനെ വളർത്തിയെടുത്ത പുതിയ അറിവുകളെ ചരണത്തിലെ അംഗങ്ങൾ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിവന്നുവെന്നും ഈ ഗ്രന്ഥങ്ങൾ ചരണങ്ങളുടെ പേരിലാണ് അറിയപ്പെട്ടിരുന്നതെന്നും അങ്ങിനെയാണ് നാനാ വിജ്ഞാനശാഖകൾ വളർന്നുവന്നതെന്നും പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഇവിടെ ബാഹ്യലോകമെന്ന് പറയുമ്പോൾ, മുമ്പ് സൂചിപ്പിച്ചപോലെ കരുത്തുറ്റതും വ്യവസ്ഥാപിതവുമായ സംസ്കാരമുൾക്കൊള്ളുന്ന മറ്റൊരു വിജ്ഞാനശാഖയുടെ നിലനിൽപ്പിനെക്കൂടി കണക്കിലെടുത്താലേ ചിത്രം പൂർണ്ണമാവുകയുള്ളൂ. ഈ ബാഹ്യലോകത്തിന്റെ സ്വാധീനം, വൈദികന്മാരുടെതന്നെയായ അഥർവ്വവേദത്തിലെ മന്ത്ര

തന്ത്രങ്ങളെയും ബാധിച്ചിട്ടുണ്ടാവാം. ഇതിന്നൊരു തെളിവാണ് അഥർവ്വവേദത്തിന് കല്പിക്കപ്പെടുന്ന പാതിത്യം. എന്നാൽ അതിന്റെ പ്രയോജനാപേക്ഷിതത്വം നിമിത്തം അതിനെ "ബ്രഹ്മവേദ"മെന്നു പറഞ്ഞു പുകഴ്ത്താനും വൈദികർ ചിലപ്പോൾ സന്നദ്ധരായിരുന്നു. (ചത്വാരോ വാ ഇമേ വേദാ ഋഗ്വേദോ യജുർവ്വേദ: സാമവേദോ ബ്രഹ്മവേദ:- ഗോപഥ ബ്രാ - 2/16) അഥർവ്വവേദത്തോടുള്ള ഈ മനോഭാവം തന്നെ വൈദ്യവിദ്യയോടും വൈദികർ പുലർത്തിപ്പോന്നു.

ബുദ്ധന്നുമുമ്പും, അഥർവ്വവേദമുണ്ടായി ആയിരത്തോളം വർഷങ്ങൾക്കുശേഷവും ഉണ്ടായ ഒരു നവോത്ഥാനകാലത്ത്, ഉപനിഷത്തുകൾ, ദർശനങ്ങൾ, ഇതിഹാസങ്ങൾ എന്നിവ ആശയപരമായ ഒരു പുതിയ വേലിയേറ്റം തന്നെ സൃഷ്ടിച്ച കാലത്ത്, ആ പശ്ചാത്തലത്തിൽ, ഓരോ വിഷയങ്ങളെക്കുറിച്ച് വവ്വേറെയോ ചിലപ്പോൾ പലതും കൂട്ടിക്കലർത്തിയോ വിരചിക്കപ്പെട്ട, വേദപാരമ്പര്യവും ലോകപാരമ്പര്യവുമുള്ള തന്ത്രങ്ങളിലെ പ്രതിപാദ്യങ്ങളെ സമാഹരിച്ചു സൂത്രരൂപേണയുള്ള സൂക്തങ്ങളായി ഉപദേശിക്കപ്പെട്ട ആചാര്യവചനങ്ങളെയാണ് അഗ്നിവേശസുശ്രുതഭേളാദികൾ സംഹിതാരചനയ്ക്കുപയോഗപ്പെടുത്തുന്നത്.

**ലോകപാരമ്പര്യം**

വേദത്തോടുള്ളതിനേക്കാൾ അധികം ഭക്തി ലോകത്തിനോടാണ് സംഹിതകൾക്കുണ്ടായിരുന്നതെന്ന് അതിലെ വിഷയങ്ങൾ പരിശോധിച്ചാലറിയാം. വാസ്തവത്തിൽ വേദങ്ങളിൽ നിന്നല്ല വൈദ്യശാസ്ത്രം ആരംഭിക്കുന്നത്. ലോകാനുഭവങ്ങളിൽനിന്നുത്ഭവിച്ച അതിലെ പ്രായോഗികജ്ഞാനം പലപ്പോഴും വൈദികരുടെ അവഹേളനത്തോടു മല്ലിട്ടു വിജയിച്ചുകൂടിയാണ് ശാസ്ത്രങ്ങളിൽ സ്ഥാനമുറപ്പിച്ചതെന്ന വസ്തുത അവയുടെ വിശ്വാസ്യതയ്ക്ക് മാറ്റു കൂട്ടുന്നതേയുള്ളൂ.

ആയുർവ്വേദത്തിന്റെ അസ്ഥിവാരമിടുന്ന ദർശനങ്ങൾ സാംഖ്യയോഗവൈശേഷികങ്ങളാണല്ലോ. എന്നാൽ എല്ലാ പ്രായോഗികജ്ഞാനവുമെന്നപോലെത്തന്നെ എല്ലാ വിജ്ഞാനശാഖകളിൽ നിന്നും പ്രസക്തമായതെല്ലാം സ്വീകരിക്കുകയെന്നതായിരുന്നു ആചാര്യന്മാരുടെ തത്വം. എല്ലാ ശാസ്ത്രശാഖകളെയും ഉപയോഗിച്ചു ജീവശാസ്ത്രസംബന്ധമായ പ്രതിഭാസങ്ങളെ വിശദീകരിക്കാൻ ശ്രമിച്ചാലേ അവയുടെ സാമാന്യചിത്രം തന്നെ കിട്ടുന്നുള്ളു എന്ന നിഗമനത്തിലേക്കാണ് ആധുനിക ശാസ്ത്രജ്ഞന്മാരും ഇന്നെത്തിച്ചേർന്നിട്ടുള്ളതെന്നത് ഇവിടെ സ്മരണീയമാണ്.

വസ്തുനിഷ്ഠത

ഭാരതത്തിലെ ഏറ്റവും പുരാതനമായ ദർശനമാണ് സാംഖ്യം. വൈദികർക്കും സ്വീകരിക്കാവുന്ന തരത്തിൽ പിന്നീടത് രൂപപ്പെടുത്ത പ്പെട്ടുവെങ്കിലും ആദ്യകാലസാംഖ്യം ഒരിക്കലും ഒരു വൈദികദർശന മായിരുന്നില്ല. ബാർഹസ്പത്യ (അഥവാ ലോകായതം)ത്തോട് അതി ന്നുള്ള അടുപ്പം ചൂണ്ടിക്കാണിക്കപ്പെടാറുമുണ്ട്.

മൂലപ്രകൃതിയുടെ പരിണാമത്തിൽ കൂടിയാണ് പ്രകൃതിയുടെ നാനാത്വം നിർമ്മിക്കപ്പെട്ടിരിക്കുന്നതെന്നും അഹേതുകമല്ല പരിണാ മമെന്നും പ്രകൃതിനിയമങ്ങൾ തന്നെയാണ് അതിന്റെ നിയന്താവെന്നും സ്ഥാപിക്കുന്ന സാംഖ്യം, ജീവൻ പ്രപഞ്ചം എന്നിവയുടെ ഉത്ഭവത്തെ ക്കുറിച്ച് ഇന്നത്തെ ഏറ്റവും ആധുനികമായ ശാസ്ത്രപഠനങ്ങളോടു തികച്ചും യോജിച്ചു നിൽക്കുന്നു. അനന്തമായ രൂപങ്ങളും ശക്തികളും കൈക്കൊള്ളുന്ന "ഗുണ"ങ്ങൾ നശിപ്പിക്കപ്പെടാനോ സൃഷ്ടിക്കപ്പെ ടാനോ കഴിയുന്നവയല്ല. പ്രത്യക്ഷവും അപ്രത്യക്ഷവും ഉപയുജ്യമാ നവും ഉപയോഗസാദ്ധ്യവുമായ, തന്മാത്രകളുടേയും രജസ്സിന്റേയും ആകത്തുക എപ്പോഴും സമമായിരിക്കുമെന്നതാണല്ലോ. സാംഖ്യം- ഇതു Conservation of energy and matter എന്ന ആധുനികശാസ്ത്ര മതം തന്നെയാണ്. ഈ അടിസ്ഥാനം വസ്തുനിഷ്ഠമായ ശാസ്ത്രീയ പ്രവർത്തനത്തിനും പുരോഗമനത്തിനും എത്രമാത്രം സഹായകരമാ ണെന്ന് പറയേണ്ടതില്ലല്ലോ.

വൈശേഷികമതപ്രകാരമുള്ള ഷഡ്ധാതുകനായ പുരുഷനെയാണ് ചരകൻ ചികിത്സ്യനായി അവതരിപ്പിക്കുന്നത്. എന്നാൽ ചികിത്സയേയും ചികിത്സ്യനേയും പൂർണ്ണഭാവത്തോടെ കാണണം. അതിന്ന് വേണ്ടി സാംഖ്യതത്വപ്രകാരമുള്ള ചതുർവ്വിംശതികനായി വരച്ചുകാണിക്കുന്നു. ചേതനാധാതുവിനെ മാത്രം പുരുഷനായി പറയുന്നുണ്ടെങ്കിലും അതി വിടെ പ്രസക്തമല്ലെന്നും പ്രകൃത്യനുസാരേണയുള്ള പുരുഷനെ അയാ ളുടെ സർവ്വഭാവങ്ങൾക്കും സ്ഥാനം കല്പിച്ചുവേണം പഠിക്കുവാ നെന്നും ചരകൻ നിഷ്കർഷിക്കുന്നു. ശരീരമനസ്സുകൾ, ഭാഗപൂർണ്ണ ങ്ങൾ, ചരിത്രം, പാരമ്പര്യം, സാമൂഹ്യബന്ധങ്ങൾ തുടങ്ങിയ എല്ലാ ചുറ്റുപാടുകളോടും ബന്ധങ്ങളോടും ചേർത്തുവേണം ചികിത്സയ്ക്ക് സമീപിക്കുവാൻ, എന്ന ഈ തത്വത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യകതയിൽ ആധുനികശാസ്ത്രജ്ഞന്മാരും നിഷ്ക്കർഷിക്കുവാൻ തുടങ്ങിയിട്ടുണ്ടല്ലോ.

വേദത്തിലെ വൈദ്യവിദ്യയും ആയുർവ്വേദവുമായുള്ള വ്യത്യാസം ഈ സമീപനത്തിലാണ്. വേദങ്ങളിൽ ദേവന്മാരേയോ അസുരന്മാരേയോ വശത്താക്കി രോഗങ്ങൾക്കു നിവാരണം കാണാൻ ശ്രമിക്കുന്നു. ഔഷധങ്ങളെപ്പറ്റി പ്രതിപാദിക്കുമ്പോൾ, മന്ത്രയുക്തമായി പ്രയോഗിക്കപ്പെടുമ്പോഴുള്ള അവയുടെ ദിവ്യഗുണങ്ങളിലാണ് വിശ്വാസം, വസ്തുനിഷ്ഠമായ ഗുണങ്ങളിലല്ല; അവക്ക് കിട്ടിയ ദൈവാനുഗ്രഹങ്ങളിലാണ് കഴിവ് ദർശിക്കുന്നത്. സംഹിതകളിൽ ദേവന്റെ നേരിട്ടുള്ള കൈകടത്തൽ വളരെ കുറവാണ്. ഉള്ളവതന്നെ വസ്തുനിഷ്ഠമായ യുക്തിവിചാരംകൊണ്ടും വ്യാഖ്യാനിക്കപ്പെടാവുന്നതേയുള്ളൂ. പ്രകൃതിശാസ്ത്രനിയമങ്ങളാൽ വിശദീകരിക്കപ്പെടാവുന്നതാണ് ശരീരഘടനാധർമ്മങ്ങളും രോഗകാരണവും ചികിത്സാഫലവും. വസ്തുനിഷ്ഠകാരണങ്ങളാൽത്തന്നെ ഉളവാകുന്നതാണെങ്കിലും ആ കാരണങ്ങൾ നിയന്ത്രണാതീതങ്ങളാണെന്ന അർത്ഥത്തിൽ മാത്രമാണ് അത്തരം പ്രതിഭാസങ്ങളെ ആചാര്യന്മാർ ദൈവികമെന്ന് സാമാന്യേന വിശേഷിപ്പിക്കുന്നത്. സ്വർഗ്ഗത്തിലേക്കല്ല, ഭൂമിയിലേക്കാണ്; ദിവ്യശക്തിയിലേക്കല്ല, പ്രകൃതിശക്തിയിലേക്കും നിയമങ്ങളിലേക്കുമാണ് വൈദ്യശാസ്ത്രം തിരിഞ്ഞു നില്ക്കേണ്ടതും അന്വേഷണം നടത്തേണ്ടതും. പഴയ പാരമ്പര്യത്തിൽ നിന്ന് മുക്തി നേടി ഈ തത്വം ആദ്യമായി കാണാൻ തുടങ്ങിയവർ ക്രിസ്തുവിന് മുമ്പ്, ഹിപ്പോക്രാറ്റിസ്സിന് വളരെ മുമ്പ് ജീവിക്കുകയും പ്രവചിക്കുകയും ചെയ്ത ആത്രേയൻ ധന്വന്തരി തുടങ്ങിയ ആചാര്യന്മാർതന്നെയായിരുന്നുവെന്നും, വസ്തുനിഷ്ഠതാബോധമാണ് ആധുനികശാസ്ത്രത്തിന്റെ അസ്ഥിവാരമെങ്കിൽ അതിന്റെ ആദ്യപ്രണേതാക്കൾ ആ പുരാതനാചാര്യന്മാർ തന്നെയായിരുന്നുവെന്നും മനസ്സിലാക്കുന്നതു കൗതുകകരമാണല്ലോ. ശാസ്ത്രജ്ഞാനവും ക്രിയാവൈദഗ്ദ്ധ്യവും ഒരുപോലെ ഉള്ളവരെ മാത്രമേ വൈദ്യന്മാരായി അംഗീകരിക്കാൻ പാടുള്ളുവെന്ന് നിർബ്ബന്ധിക്കുന്ന സുശ്രുതത്തിൽ, യാതൊരു ജ്ഞാനവും പ്രത്യക്ഷവിരുദ്ധമായിരിക്കരുതെന്ന് നിഷ്ക്കർഷിക്കുന്നു. ചരകനാവട്ടെ, തന്റെ സംഹിതയുടെ സ്വഭാവത്തെപ്പറ്റി പറയുമ്പോൾ സന്ദർഭവശാൽ "തസ്മാൽ പ്രത്യക്ഷമല്പം, അനല്പമപ്രത്യക്ഷമസ്തി യദാഗമാനുമാനയുക്തിഭിരുപലഭ്യതേ, (ചരകം) എന്നു പ്രസ്താവിക്കുന്നു. ഈ പ്രസ്താവന ചരകസംഹിതയ്ക്ക് മാത്രമല്ല, എല്ലാ കാലത്തും ഏതു ശാസ്ത്രീയഗ്രന്ഥത്തിന്നും ബാധകമാക്കാവുന്നതാണ്. ഒരു വിനീതനായ ശാസ്ത്രജ്ഞൻ ശാസ്ത്രത്തിന്റെയും

തന്റെയും പരിമിതികളെ ചൂണ്ടിക്കാട്ടിത്തരുന്നു. കടൽക്കരയിൽ കക്കകൾ പെറുക്കിക്കൂട്ടുന്ന ഒരു ബാലനോടു തന്നെ ഉപമിക്കുവാൻ ന്യൂട്ടനെ പ്രേരിപ്പിച്ച അതേ സത്യസന്ധതതന്നെയാണ് ചരകന്റെ ഈ പ്രസ്താവനയിലും കാണുന്നത്.

വേദങ്ങളുടെ അംഗത്വമോ ഉപാംഗത്വമോ അവകാശപ്പെടുന്ന ആയുർവ്വേദത്തിൽ ഭൂതഗ്രഹങ്ങളുടെ ആസ്തിക്യത്തെക്കുറിച്ചും മന്ത്രവാദത്തിന്റെ കഴിവിനെക്കുറിച്ചും, വൈദികരുടെ ധാരണയിൽനിന്നു ഭിന്നവും യുക്തിവാദത്തോടൊപ്പമുള്ളതുമായ ഒരു ധാരണയാണ് നമുക്ക് കിട്ടുന്നത്. ഭൂതബാധകളെക്കുറിച്ചുള്ള ചരകന്റെ വീക്ഷണം തന്നെ ഇതിന്ന് തെളിവാണ്. ഉന്മാദത്തിന്റെ ഒരു വകഭേദമായി മാത്രമേ ചരകൻ അതിനെ വിവരിക്കുന്നുള്ളു. വിശേഷിച്ചും

“നൈവ ദേവാ ന ഗന്ധർവ്വാ ന പിശാചാ ന രാക്ഷസാഃ
ന ചാന്യേ സ്വയമക്ലിഷ്ടമുപക്ലിശ്നന്തി മാനവം
യേ ത്വേനമനുവർത്തന്തേ ക്ലിശ്യമാനം സ്വകർമ്മണാ
ന സ തദ്ധേതുകഃ ക്ലേശോ ന ഹ്യസ്തി കൃതകൃത്യതാ
പ്രജ്ഞാപരാധാത് സംഭൂതേ വ്യാധൗ കർമ്മജ ആത്മനഃ
നാഭിശംസേൽ ബുധോ ദേവാൻ ന പിതൄൻ നാപി രാക്ഷസാൻ–
ആത്മാനമേവ മന്യേത കർത്താരം സുഖദുഃഖയോഃ
തസ്മാൽ ശ്രേയസ്കരം കർമ്മ പ്രതിപദ്യേത നോ ത്രസേൽ,”

എന്നു തുറന്നു പ്രഖ്യാപിക്കുകയും ചെയ്യുന്നു. ഗ്രഹങ്ങൾ ബാധിച്ചു ഉപദ്രവങ്ങളുണ്ടാക്കുന്നുവെന്ന ധാരണയെ യുക്തിയുക്തം വിശദീകരിക്കുന്ന ഈ വരികൾ, അക്ലിഷ്ടന്മാരെ ഇവയൊന്നും ബാധിക്കുന്നില്ലെന്നും പ്രജ്ഞാപരാധം കൊണ്ടു ക്ലിഷ്ടന്മാരായിട്ടുള്ളവരെ, അവരുടെ മനസ്സ് ഛിദ്രിക്കുകനിമിത്തം ഛിദ്രപ്രഹാരികളായ സത്വങ്ങൾ ബാധിച്ചതായി അനുഭവപ്പെടുകയാണെന്നും, അതു സത്വങ്ങളുടെ കുറ്റമല്ല, മനസ്സിന്റെ കുറ്റമാണെന്നും അത്തരം കുഴപ്പങ്ങളില്ലാത്തവർക്കു ഒന്നും തന്നെ ഭയപ്പെടുവാനില്ലെന്നും ആണല്ലോ അസന്ദിഗ്ധമായി സമർത്ഥിക്കുന്നത്. അന്നത്തെ പരിമിതികളിൽ തികച്ചും യുക്തിക്കു വഴങ്ങാൻ കൂട്ടാക്കാതിരുന്ന പ്രതിഭാസങ്ങളെക്കൂടി പ്രകൃതിശാസ്ത്രനിയമങ്ങളുടെ പരിധിയിലേയ്ക്കു പിടിച്ചുകൊണ്ടുവരുന്ന ഈ വ്യാഖ്യാനം ഇന്നത്തെ മാനസികരോഗവിജ്ഞാനത്തോടു തികച്ചും നിരക്കുന്നു. ഇതിനെ ഇങ്ങിനെ വിശദീകരിക്കാം. പ്രജ്ഞാപരാധജന്യമായ ആത്മോപഘാതം തന്നെയാണ് ഛിദ്രം. ഈ ഛിദ്രം, അഥവാ മാനസികപീഡ,

മസ്തിഷ്കത്തിന് നിരന്തരമായ വിക്ഷോഭമേല്പിക്കുമ്പോൾ അതിയായ വിക്ഷോഭകേന്ദ്രീകരണം സംഭവിക്കുകയും തന്നിമിത്തം തന്ത്രനാഡീനിയമപ്രകാരം വിക്ഷോഭത്തിനനുസരിച്ചുതന്നെ അതിന്റെ പരിധിയിൽ ശക്തിയായ നിരോധവും സംഭവിക്കുകയും അതിൻഫലമായി മസ്തിഷ്കവും ഉപമസ്തിഷ്കവും മസ്തിഷ്കഭാഗങ്ങളും തമ്മിലുള്ള കർമ്മപരമായ അന്യോന്യബന്ധം മുറിഞ്ഞുപോവുകയും ചെയ്യുന്നു. ഈ അവസ്ഥയിൽ വൈകാരികാനുഭൂതികൾക്കാധാരമായ ഉപമസ്തിഷ്കം, യുക്തിവിചാരത്തിന്റെ കേന്ദ്രമായ മസ്തിഷ്കത്തിന്റെ നിയന്ത്രണത്തിൽനിന്ന് വിമുക്തമായി, അതിൽ അങ്കിതമായ അനുഭൂതിവിശേഷങ്ങളുടെ സ്വഭാവങ്ങൾക്കനുസരിച്ച് വിവിധ ഭാവചേഷ്ടകൾ പ്രദർശിപ്പിക്കുന്നു. "ഷിസോഫ്രീനിയ"യിലെ "ഷിസ" വും (ഷിസം ഛിദ്രം) ആ രോഗസമ്പ്രാപ്തിയെക്കുറിച്ചുള്ള ആധുനികശാസ്ത്രപഠനവും ഈ വ്യാഖ്യാനത്തെ സാധൂകരിക്കുന്നു. ത്രിദോഷാടിസ്ഥാനത്തിൽ മാത്രം വിശദീകരിക്കാൻ വയ്യാത്ത ഒരു പ്രതിഭാസമാണ് ഇവിടെ കാണപ്പെടുന്നതെന്നതുകൊണ്ട് അതിന്നൊരു സാങ്കേതികസംജ്ഞ നൽകാൻ വേണ്ടി മാത്രം ഭൂതഗ്രഹാദി നാമനിർദ്ദേശം ചെയ്തു. (ചരകത്തിലെ ഈ തെളിഞ്ഞ ആശയം മറ്റു സംഹിതകളിലും തന്ത്രങ്ങളിലും നഷ്ടപ്രായമായി കാണുന്നുണ്ട്. പ്രക്ഷേപങ്ങളും കൈകാര്യം ചെയ്തിരുന്നവരുടെ ആശയക്കുഴപ്പങ്ങളും കടന്നുകൂടിയതാവാം കാരണം)

**മന്ത്രം മനസ്സിന്റെ ആശ്വാസത്തിന്**

മന്ത്രവാദത്തെപ്പറ്റിയുള്ള ആചാര്യന്മാരുടെ അഭിപ്രായവും ശ്രദ്ധേയമാണ്. പല ദിക്കിലും മന്ത്രങ്ങൾ പറഞ്ഞിട്ടുണ്ട്. എന്നാൽ മന്ത്രങ്ങളെങ്ങിനെ ഫലിക്കുന്നുവെന്നതിനെക്കുറിച്ച് അവർക്ക് നല്ല ബോധമുണ്ട്. ചരകൻ വിഷചികിത്സയ്ക്കുള്ള ഇരുപത്തിനാല് ഉപായങ്ങളെ വിവരിക്കുമ്പോൾ ആദ്യം പറയുന്നത് മന്ത്രത്തേയാണ്. സുശ്രുതത്തിലും മന്ത്രപ്രയോഗത്തെ പ്രശംസിക്കുന്നുണ്ട്. ദഷ്ടന്റെ മനഃക്ഷോഭമകറ്റുകയെന്നത് വിഷചികിത്സയിലെ ഒരു പ്രധാന കർത്തവ്യമാണ്. ചരകസുശ്രുതങ്ങളുടെ സൂചനകൾ ശരിക്കും ഗ്രഹിച്ച വാഗ്ഭടൻ ഈ പ്രകൃതത്തിൽ "ദഷ്ടമാത്രോ ദശേദാശു തമേവ പവനാശിനം" എന്നൊക്കെ നിർദ്ദേശിച്ചിട്ടുള്ളത് ദഷ്ടന്റെ ഭയമില്ലാതാക്കാനും മനശ്ശക്തി നഷ്ടപ്പെടാതിരിക്കാനുമാണല്ലോ. ദംശോപരിഭാഗത്തു അരിഷ്ടബന്ധനം ചെയ്യുവാൻ പറയുമ്പോൾ മന്ത്രകോവിദനായ ആളാണെങ്കിൽ അതു ജപിക്കണമെന്നു പറയുന്നുണ്ട്. എന്നാൽ അടുത്തവരിയിൽ തന്നെ, അരിഷ്ടത്തിന്റെ കെട്ടുമുറുക്കമാണ്, സേതുബന്ധനം പോലെ വിഷപ്രവാഹത്തെ

തടയുന്നതെന്ന് എടുത്തു പറയുന്നുമുണ്ട്. ശങ്കാവിഷത്തിൽ തീർച്ച യായും മന്ത്രം തന്നെയാണ് കാര്യമായും പറയുന്നത് - അവിടെ ശങ്ക യാണല്ലോ ഉള്ളത്. അപ്പോൾ മനസ്സിന്റെ ആശ്വാസത്തിനുള്ളതു തന്നെ യാണ് മന്ത്രം.

"യദാഗമവിരുദ്ധം ച" എന്നു പ്രതിപാദ്യസ്വഭാവത്തെക്കുറിച്ചുള്ള പ്രസ്താവനയിലും വേദങ്ങളുടെ ഉപാംഗമെന്ന് ആയുർവ്വേദോല്പത്തി യിലും അവകാശപ്പെടുന്ന സംഹിതകൾ വേദകഥകളോട് തികച്ചും വിനയം ദീക്ഷിക്കുന്നുണ്ടെങ്കിലും, വസ്തുനിഷ്ഠതയെന്ന ലക്ഷ്യത്തോ ടെ, ഓരോ പ്രതിഭാസത്തേയും യുക്തിയുടെ - പ്രകൃതിനിയമംകൊണ്ട് വ്യാഖ്യാനിക്കപ്പെടാവുന്ന അവസ്ഥയുടെ- പരിധിയിലേക്കു കൊണ്ടു വരാൻ ആർജ്ജവം ദീക്ഷിച്ചിരുന്നു. ഭാരതീയാന്തരീക്ഷത്തിലെ ഒരു നവോത്ഥാനകാലത്തെ പ്രതിനിധാനം ചെയ്യുന്ന സംഹിതകളിലെ സമീ പനം അവയുടെ സംക്ഷേപങ്ങളിലും കണ്ടേക്കാം. (വാഗ്ഭടൻ). എന്നാൽ പിൽക്കാലത്ത് ഭാരതീയസാഹിത്യത്തിന്റെ അന്യശാഖകളിൽ സംഭവിച്ച അതേ ഗതികേട്, ആത്മാവിനെ കൈവിട്ടു രൂപത്തെ അല ങ്കരിക്കുന്നതിൽ ഒതുങ്ങുകയെന്ന അധഃപതനം, വൈദ്യശാസ്ത്ര ത്തേയും കുറെയൊക്കെ ബാധിച്ചിട്ടുണ്ട്. ജീവിതത്തേയും വൈദ്യശാ സ്ത്രത്തേയും ഉയർന്ന ശൃംഗങ്ങളിൽനിന്ന് കാണുന്ന സംഹിതകളുടെ ദർശനപരമായ മിഴിവ് പിൽക്കാലത്തെ പല കൃതികളിലും മങ്ങിക്കാ ണുന്നു. എന്നിരുന്നാലും പ്രമുഖായുർവ്വേദഗ്രന്ഥങ്ങൾ വിരചിച്ച പല പില്ക്കാലാചാര്യന്മാരും സമകാലികവിജ്ഞാനത്തെക്കൂടി ഉൾക്കൊ ണ്ടുകൊണ്ട് ആയുർവ്വേദത്തെ പ്രതിസംസ്ക്കരിക്കാൻ ശ്രമിച്ചിട്ടുമുണ്ട്.

വനേചരന്മാരിൽനിന്നും ഭിക്ഷുക്കളിൽനിന്നും ഔഷധങ്ങൾ പഠി ക്കാനും, ജ്ഞാനം അനന്തമാണെന്നും കിട്ടാവുന്ന എല്ലാ വിവരവും വൈദ്യശാസ്ത്രത്തിന്നുപയോഗപ്പെടുത്തുകയെന്നത് വൈദ്യന്മാരുടെ പ്രാഥമികകർത്തവ്യമാണെന്ന് ധരിക്കാനും സംഹിതാകാരന്മാർ കാണിച്ച സന്നദ്ധതയും, സമകാലികജ്ഞാനത്തെക്കൂടി ഉൾക്കൊണ്ടു കൊണ്ട് ആയുർവ്വേദത്തെ വികസിപ്പിക്കാൻ പിൽക്കാലാചാര്യന്മാർ കാണിച്ച താല്പര്യവും ആണ് ഇന്നും നമുക്ക് മാർഗ്ഗദർശകമായിരി ക്കേണ്ടത്.

**(കോട്ടക്കൽ ആയുർവ്വേദകോളേജ് സ്മരണിക-1967)**